**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

**വിജ്ഞാപനം**

സ.ഉ.(അച്ചടി) നം. 290 /10/തസ്വഭവ                    തിരുവനന്തപുരം, 2010 നവംബർ 26.

എസ്.ആർ.ഒ. നം.      /2010.- 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994 -ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട്, 2010 ജൂൺ 9-ാം തിയതിയിലെ സ.ഉ.(പി) നം. 116/2010/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2010 ജൂൺ 9-ാം തിയതിയിലെ 1311-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 566/2010 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം താഴെ പറയും പ്രകാരം വീണ്ടും ഭേദഗതി ചെയ്തു കൊണ്ട് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:-

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിൽ, -

(i) "മുനിസിപ്പൽ കൗൺസിലുകൾ രൂപീകരിച്ചു കൊണ്ട്" എന്ന വാക്കുകൾക്കു പകരം "മുനിസിപ്പൽ കൗൺസിലുകൾ രൂപീകരിച്ചു കൊണ്ടും 2010 നവംബർ 30-ാം തിയതി പ്രാബല്യത്തിൽ വരത്തക്കവിധം എറണാകുളം ജില്ലയിലെ ചെറിയ നഗര പ്രദേശമായ തൃക്കാക്കര ഗ്രാമ പഞ്ചായത്തിന് കാക്കനാട് ആസ്ഥാനമാക്കി തൃക്കാക്കര മുനിസിപ്പൽ കൗൺസിൽ എന്ന പേരിൽ മറ്റൊരു മുനിസിപ്പൽ കൗൺസിൽ രൂപീകരിച്ചു കൊണ്ടും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) പട്ടികയിലെ (1)-ാം കോളത്തിൽ രണ്ടാമത്തെ വരിയിലെ "എറണാകുളം", (2)-ാം കോളത്തിലെ "തൃക്കാക്കര ഗ്രാമ പഞ്ചായത്ത്" എന്നീ ഉൾക്കുറിപ്പുകളും അവയ്ക്കുനേരെ (3)-ഉം (4)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇതു വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ, അതിൻെറ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കരുനാഗപ്പള്ളി, തൃക്കാക്കര, ഏലൂർ, മരട്, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം എന്നീ ചെറിയ നഗര പ്രദേശങ്ങൾക്ക് ഓരോ മുനിസിപ്പൽ കൗൺസിലുകൾ 2010 നവംബർ 1-ാം തിയതി പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ തൃക്കാക്കര ഗ്രാമ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി 2010 നവംബർ 29-ാം തിയതിയിൽ മാത്രമാണ് പൂർത്തിയാകുന്നത്. ആയതിനാൽ തൃക്കാക്കര എന്ന ചെറിയ നഗര പ്രദേശത്തിന് കാക്കനാട് ആസ്ഥാനമാക്കി തൃക്കാക്കര എന്ന പേരിൽ ഒരു മുനിസിപ്പൽ കൗൺസിൽ രൂപീകരിച്ച് 2010 നവംബർ 30-ാം തിയതി പ്രാബല്യത്തിൽ വരുന്നതായി മാറ്റുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.